## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

**2012 ജൂൺ 27, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തരപ്രമേയം

#### ആദിവാസികളുടെ ഭൂസമരം

മി. സ്പീക്കർ : ആദിവാസി ഭൂസംരക്ഷണ നിയമപ്രകാരം അർഹതപ്പെട്ട ഭൂമിക്കുവേണ്ടി ആദിവാസികൾ 52 ദിവസമായി വയനാട്ടിൽ നടത്തിവരുന്ന ഭൂസമരം ഒത്തുതീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാലും 225 ആദിവാസികളെ അറസ്റ്റ് ചെയ്ത് ജാമ്യം നിഷേധിച്ച് ജയിലിൽ അടച്ചിരിക്കുന്നതിനാലും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എ.കെ.ബാലൻ, വി.എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ.കെ.ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : വയനാട്ടിലെ ആദിവാസി ഭൂസമരം ആരംഭിച്ച ഉടനെ മുഖ്യമന്ത്രിയും റവന്യു, പട്ടിക വർഗ്ഗ ക്ഷേമം, വനം എന്നീ വകുപ്പുമന്ത്രിമാരും കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സമരസമിതി നേതാക്കളുമായി ചർച്ച നടത്തി അനുകൂല നടപടികൾ കൊക്കൊള്ളുന്നതാണെന്നും അതുകൊണ്ട് സമരത്തിൽ നിന്ന് പിന്തിരിയണമെന്നും സമരക്കാരോട് ആവശ്യപ്പെടുകയുണ്ടായി. വനമേഖലയിലെ 45-ഓളം സ്ഥലങ്ങൾ കയ്യേറിയവരെ ഒഴിപ്പിക്കാൻ വനം വകുപ്പ് നടപടി എടുത്തതിന്റെ അടിസ്ഥാനത്തിൽ കുറെ ആദിവാസികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന നിലപാടാണ് സർക്കാരിനുള്ളത്. 196 ഏക്കറോളം സ്ഥലം നെഗോഷ്യേറ്റ് പർച്ചേസ് ചെയ്യുകയും 900 ഏക്കറോളം സ്ഥലത്തിന്റെ രേഖകൾ പരിശോധിക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. കൂടാതെ സുപ്രീംകോടതി വിധിപ്രകാരം 800 ഏക്കർ വെസ്റ്റഡ് ഫോറസ്റ്റ് കൊടുക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സമരത്തിലേർപ്പെട്ട വനിതകളെയും കുട്ടികളെയും സ്വന്തം ജാമ്യത്തിൽ വിട്ടയക്കുകയും 175-ഓളം പുരുഷന്മാരെ ജാമ്യത്തിലിറക്കാൻ ആളില്ലാത്തതുകാരണം റിമാന്റ് ചെയ്തിരിക്കുകയുമാണ്. ആദിവാസികൾക്ക് ഭൂമി നൽകാൻ കഴിയുന്ന എല്ലാ അടിയന്തര നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : 52 ദിവസം പിന്നിട്ടിരിക്കുന്ന വയനാട്ടിലെ ആദിവാസി ഭൂസമരത്തിൽ 22 സ്ത്രീകളടക്കം 225 ആദിവാസികൾ ജയിലിലാണ്. പ്രശ്നപരിഹാരത്തിന് മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും 12 ആദിവാസി സംഘടനാ പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ രൂപം

നൽകിയ ഉപസമിതി ഇന്നേവരെ യോഗം കൂടുകയോ ഭൂമി കണ്ടെത്തുന്ന തിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ആദിവാസികൾക്ക് നൽകിയ ഉറപ്പ് നിലനിൽക്കെ മാനന്തവാടി തവിഞ്ഞാൽ പഞ്ചായത്തിലെ പേര്യയിലെ വനഭൂമി കയ്യേറിയ സ്ത്രീകളുൾപ്പെടെ 102 പേരെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് കൊണ്ടുപോവുകയുണ്ടായി. റിമാന്റ് കഴിഞ്ഞ 48 ആദിവാസികളെ മാനന്തവാടി കോടതിയിൽ ഹാജരാക്കിയെങ്കിലും ഗവൺമെന്റ് വക്കീൽ ഹാജരാകാത്ത കാരണത്താൽ റിമാന്റ് കാലാവധി 15 ദിവസത്തേയ്ക്ക് വീണ്ടും നീട്ടിയിരിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പ് ഇവരുടെ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെന്നുമാത്രമല്ല ജയിലിൽ കഴിയുന്ന വരുടെ കുടുംബങ്ങൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നുമില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് കേന്ദ്ര ആദിവാസി നിയമപ്രകാരം 22739 കുടുംബങ്ങൾക്ക് ഭൂമി നൽകുകയും അവരെ പുനരധിവസിപ്പിക്കുന്നതിന് 50 കോടി രൂപ നീക്കി വയ്ക്കുകയും ചെയ്തിരുന്നു. 1999-ലെ നിയമപ്രകാരം നാലായിരം പേർക്ക് ഇനിയും ഭൂമി നൽകാനുണ്ട്. അനധികൃത ഭൂമി പിടി ച്ചെടുക്കാൻ നടപടി സ്വീകരിക്കണം. ആദിവാസി ഭൂമി സംരക്ഷിക്കുന്നതി നുള്ള നിയമം ഫലപ്രദമായി നടപ്പാക്കണം. മുഖ്യമന്ത്രി ഇടപെട്ട് ജയിലിൽ കഴിയുന്ന ആദിവാസികളെ മോചിപ്പിക്കണം. ഇപ്പോൾ സങ്കേതങ്ങളിലുള്ള ആദിവാസികളുടെ കുടിലിലേക്ക് ഭൂമിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റുദ്യോഗ സ്ഥർ പോകാൻ പാടില്ലെന്ന് നിർദ്ദേശം നൽകുകയും പാലിക്കാത്തവരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യണം. ഈ പ്രശ്നം അടിയന്തര മായി പരിഹരിച്ചില്ലെങ്കിൽ ആദിവാസികളുടെ ഭാഗത്തുനിന്ന് ശക്തമായ

പ്രതികരണമുണ്ടാകുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സമരം ആരംഭിച്ചശേഷം സമരസമിതി നേതാക്കളുമായി ഗവൺമെന്റ് പലപ്രാവശ്യം ചർച്ച ചെയ്യുകയുണ്ടായി. സമരത്തിൽനിന്ന് പിൻതിരിയണമെന്ന് അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശാശ്വതമായ പരിഹാരത്തിനുള്ള അടിയന്തര നടപടി കളെടുക്കുന്നതാണ്. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയ ഉപസമിതി യോഗം ചേർന്ന് ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാലായിരം ആദിവാസികൾക്ക് കൈവശ ഭൂമിക്ക് വനാവകാശ രേഖകൾ നൽകിയതല്ലാതെ ഒരിഞ്ച് ഭൂമിപോലും കൊടുത്തിട്ടില്ല. ഈ ഗവൺമെന്റ് 50 കോടി രൂപ മാറ്റിവച്ച് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട ആദിവാസികളെ സമരത്തി ലേയ്ക്ക് നയിച്ച് ഈ പ്രശ്നം രാഷ്ട്രീയവൽക്കരിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. 196 ഏക്കർ സ്ഥലം നെഗോഷ്യേറ്റ് ചെയ്ത് പർച്ചേസ് ചെയ്യു ന്നതിനുവേണ്ടി കളക്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥലം കണ്ടെത്തുന്നതിനും വനാവകാശ നിയമപ്രകാരം വെസ്റ്റഡ് ഫോറസ്റ്റ് കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രീ. എ.കെ. ബാലൻ : എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തില്ലെന്ന മന്ത്രിയുടെ വിശദീക

രണം വാസ്തവ വിരുദ്ധമാണ്. ഇതുസംബന്ധിച്ച യഥാർത്ഥ രേഖകൾ മേശപ്പുറത്ത് വയ്ക്കാൻ അനുവദിക്കണം.

<u>മി. സ്പീക്കർ :</u> മന്ത്രിയുടെ വിശദീകരണത്തിൽ തെറ്റുണ്ടെങ്കിൽ അത് പ്രിവിലേജ് ഇഷ്യുവായി നോട്ടീസ് നൽകാവുന്നതാണ്. നിയമസഭാ ചട്ടം അനുസരിച്ച് ചെയർ പരിശോധിച്ചശേഷം മാത്രമേ രേഖ മേശപ്പുറത്ത് വയ്ക്കാൻ സാധിക്കുകയുള്ളു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി.എസ്. അച്ചുതാനന്ദൻ, ഇ. ചന്ദ്രശേഖരൻ, മാത്യു.ടി.തോമസ്, എ.എ.അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

## <u>ശ്രദ്ധക്ഷണിക്കൽ</u>

### (1) <u>തീരപ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ</u>

<u>ശ്രീമതി ജമീലാ പ്രകാശം</u> : കോവളം നിയോജകമണ്ഡലത്തിൽ വിവിധ പനികൾ പടർന്നുപിടിക്കുകയാണ്. പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മലമ്പനി, ടൈഫോയ്ഡ്, വൈറൽ പനി, ചിക്കൻപോക്സ് തുടങ്ങിയ രോഗങ്ങൾ പിടിപെട്ട് എത്തുന്ന രോഗികളുടെ ചികിത്സയ്ക്കായി ഒരു ഡോക്ടറുടെ സേവനംകൂടി ലഭ്യമാക്കുകയും രണ്ട് സ്റ്റാഫ് നഴ്സുമാരെ എൻ.ആർ.എച്ച്.എം. വഴി നിയമിക്കുകയും അനുവദിച്ച 25 കിടക്കകൾ ലഭ്യമാക്കുകയും ചെയ്യണം. പാറശ്ശാലയിൽ പ്രാഥമികാരോഗ്യകേന്ദ്രം അനുവദിക്കുമെന്ന തീരുമാനം എത്രയുംവേഗം നടപ്പാക്കണം. പൂവാർ ആരോഗ്യ കേന്ദ്രത്തിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനും ആമ്പുലൻസ്

ഡ്രൈവറെ നിയമിക്കുന്നതിനും നടപടിയുണ്ടാകണം. വിഴിഞ്ഞം സി.എച്ച്.സി.-യിൽ നഴ്സുമാരുടേയും മറ്റും ഒഴിവുള്ള തസ്തികകൾ നികത്തണം. പുല്ലുവിള ആരോഗ്യകേന്ദ്രത്തിൽ ഒരു ഡോക്ടറെ അടിയന്തര മായി നിയമിക്കാനും ലബോറട്ടറിയിൽ എമർജൻസി ടെസ്റ്റുകൾക്ക് സംവിധാനമൊരുക്കാനും ജീർണ്ണാവസ്ഥയിലുള്ള കട്ടിലുകളും കിടക്കകളും മാറ്റിനൽകാനും നടപടിയുണ്ടാകണം. മുക്കോല, കല്ലിയൂർ, വെള്ളായണി കാർഷിക കോളേജ് കാമ്പസ്, ബാലരാമപുരം, കോട്ടുകാൽ, കാഞ്ഞിരംകുളം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ലാബ് സൗകര്യവും ടെക്നീഷ്യന്റെ സേവനവും ലഭ്യമാക്കണം. ബാലരാമപുരം പി.എച്ച്.സി.-യിൽ രണ്ട് ഡോക്ടർമാരെയും അറ്റൻഡന്റ് ഗ്രേഡ് II-നെയും നിയമിക്കുകയും ലാബ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം. കോട്ടുകാലിൽ വനിതാ ഹെൽത്ത് ഇൻസ്പെക്ടറെ നിയമിക്കണം. പി.എച്ച്.സി.-കൾക്ക് ആവശ്യത്തിന് വാഹനങ്ങൾ നൽകാനും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിക്കാനും നടപടിയുണ്ടാകണം. സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കാനും സമഗ്രമായ കാര്യക്ഷമതാ പരിപാടി നടപ്പാക്കാനും നടപടിയുണ്ടാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : സംസ്ഥാനത്ത് പനി ബാധിതരുടെ കണക്കുകൾ പരിശോധിച്ച് ഓരോ പ്രദേശത്തും സ്വീകരിക്കേണ്ട നടപടികൾ ഊർജ്ജിതമായി മുന്നോട്ടുകൊണ്ടുപോവുകയാണ്. കോവളം മണ്ഡല ത്തിലേതുൾപ്പെടെ ലഭിച്ച അവലോകന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 1902 ജീവനക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ ജില്ലകളിൽ നിയമിക്കു

ന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നിയമന നടപടികൾ ഉടനെതന്നെ പൂർത്തീകരിക്കുന്നതാണ്. പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ എത്തിച്ചിട്ടുണ്ട്. ജില്ലകളിലെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് 26.06.2012-ന് രണ്ടാമത്തെ വീഡിയോ കോൺഫറൻസിംഗ് നടത്തി. അതനുസരിച്ച് അടിയന്തര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് വന്നുപോകുന്ന സാഹചര്യത്തിലാണ് മലമ്പനി ബാധിച്ചിട്ടുള്ളതെന്നതിന്റെ അടിസ്ഥാനത്തിൽ ചികിത്സയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പൂവാർ, വെള്ളറട, വിതുര തുടങ്ങിയ അതിർത്തി പ്രദേശങ്ങളിൽ രോഗം പടർന്നു പിടിക്കാതിരിക്കുന്നതിനും കൊതുക് നിർമ്മാർജ്ജനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാറശ്ശാലയിൽ പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിക്കണമെന്ന ആവശ്യം സജീവമായി പരിശോധിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയിലും നഗരത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തുകളിലും ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. 250 സ്റ്റാഫ് നഴ്സുമാരെ മെഡിക്കൽ കോളേജുകളിൽ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഡി.എച്ച്.എസ് -ന്റെ കീഴിൽ ഡോക്ടർമാരുൾപ്പെടെ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയാണ്.

## (2) കുടിവെള്ള പദ്ധതികൾ

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: സംസ്ഥാനത്ത് ഇന്ന് കുടിവെള്ള ദൗർലഭ്യം രൂക്ഷമായിരിക്കുകയാണ്. ഇവിടത്തെ 44 നദികളും മലീനീകരണ ഭീഷണി നേരിടുന്നതായി നദീതട ഗുണമേന്മ നിരീക്ഷണ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നദികളിലെ മണൽവാരൽ പലതരത്തിലുള്ള മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നദീതട സംരക്ഷണ പ്രവർത്തനങ്ങൾക്കുമുമ്പ് ഇക്കോളജി തുടങ്ങിയ പ്രശ്നങ്ങൾ സംബന്ധിച്ച് സമഗ്രപഠനം നടത്തണം. ഈ രംഗത്ത് നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കണം. മാലിന്യങ്ങളുടെ ഉറവിടം കണ്ടെത്തി സംസ്ക്കരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കണം. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയം സമഗ്ര നിയമം തയ്യാറാക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്താൻ കഴിയണം. കടൽവെള്ളം ശുദ്ധീകരിച്ച് കുടിവെള്ളത്തിനായി ഉപയോഗിക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. നിലവിലുള്ള നദികളും തോടുകളും സംരക്ഷിച്ച് കുടിവെള്ളത്തിന് ഉപയുക്തമാക്കി മാറ്റണം. നിയമം നടപ്പിലാക്കുന്നതിലൂടേയും ബോധവൽക്കരണത്തിലൂടേയും അതിനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കണം. ഹോട്ടലുകൾ, അറവുശാലകൾ, ഫാക്ടറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ ഉറപ്പുവരുത്തണം. ഓരോ പ്രദേശത്തേയും ജനപ്രതിനിധികളുടേയും പൊതുപ്രവർത്തകരുടേയും നേതൃത്വത്തിൽ മലിനീകരണ പ്രവണതകൾക്കെതിരെയുള്ള സംഘങ്ങളുണ്ടാക്കി ഫലപ്രദമായി പ്രവർത്തിക്കണം. കുടിവെള്ള പ്രശ്നം പരിഹരിക്കാനും സത്വരനടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സംസ്ഥാനത്തെ നദികളും കുടിവെള്ള സ്രോതസ്സുകളും മലീമസമായിക്കൊണ്ടിരിക്കുന്നു വെന്നത് വസ്തുതയാണ്. കുടിവെള്ള പദ്ധതികൾക്കുപയോഗിക്കുന്ന ആലുവാ പുഴയും തൊടുപുഴ ആറും പലതരത്തിൽ മലീമസമായിക്കൊണ്ടി രിക്കുകയാണ്. പൊന്നാനിയിൽ മലിനീകരണംമൂലം മത്സ്യങ്ങൾ ചത്തൊടുങ്ങുന്നു. ജനങ്ങൾ ഇക്കാര്യത്തിൽ ബോധവാന്മാരാകേണ്ടതുണ്ട്. മാലിന്യങ്ങൾ നദികളിലേയ്ക്ക് തള്ളുന്നത് അവസാനിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കേതുണ്ട്. കീടനാശിനികളുടെ ഉപയോഗം തടയാൻ ഓർഗാനിക് ഫാമിംഗ് നടപ്പിലാക്കേണ്ടതുണ്ട്. ജലസ്രോതസ്സുകളുടെ മലിനീ കരണവും നദികളിൽ ഓരുവെള്ളം കയറുന്നതും തടയുന്നതിന് പ്രധാന ജല പ്രവാഹങ്ങളിൽ സ്ഥിരം ബണ്ടുകളുടെയും താത്കാലിക ബണ്ടുകളുടെയും നിർമ്മാണം നടത്തിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട കായലുകളിലേയും കിണറുകളിലേയും ജലസംഭരണികളിലേയും പത്മതീർത്ഥക്കുളത്തിലേയും ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ചുവരുന്നു. സ്റ്റേറ്റ് ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം പ്രകാരം വിവിധ നദികളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് നദീജല ഗുണനിലവാരം തിട്ടപ്പെടുത്തി വരുന്നു. നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാനപ്പെട്ട പഞ്ചായത്തുകളിലും സ്വീവേജ് സിസ്റ്റവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തുന്നതാണ്. നദിയുടെ ഇരുകരകളിലുമുള്ള വീടുകളിൽ ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനംകൂടി ഏർപ്പെടുത്തുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അറവുശാലകൾ, മാർക്കറ്റുകൾ എന്നിവയിൽ നിന്നുമുള്ള മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ടതുണ്ട്. ശുദ്ധീകരണ ശാലകളി ല്ലാത്ത ചെറുകിട കുടിവെള്ള പദ്ധതികളിൽ നിന്നുമുള്ള ജലം ഇൻഫിൽട്രേ

ഷൻ ഗ്യാലറിവഴി കടത്തിവിട്ട് അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും ഘട്ടങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് ജലഅതോറിറ്റിയുടെ ലാബുകളിൽ പരിശോധന നടത്തിവരുന്നു. കുടിവെള്ളം ശുദ്ധീകരിക്കുന്ന ടെറാഫിൽ ടെക്നോളജി വ്യാപകമാക്കുന്നതാണ്. ശുദ്ധമായ കുടിവെള്ളം എത്തിച്ചുകൊടുക്കാനും കുടിവെള്ള സ്രോതസ്സുകൾ ശുദ്ധിയായി സൂക്ഷിക്കാനും സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. കുടിവെള്ളസ്രോതസ്സുകൾ വറ്റിപ്പോകുന്നത് തടയാൻ തടയണകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## സബ്മിഷൻ

### (1) 35 സ്ക്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച്

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ഇന്നലെ വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി നൽകവെ പിന്നോക്ക മേഖലയിലെ വിദ്യാഭ്യാസ തീവ്രയത്ന പരിപാടിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന 35 സ്ക്കൂളുകൾ എയ്ഡഡ് സ്ക്കൂളുകളാക്കുമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും തൽസ്ഥിതി തുടരുമെന്ന് മുഖ്യമന്ത്രിയും വ്യത്യസ്തമായി പറഞ്ഞതിനെക്കുറിച്ചും ഇത് സംബന്ധിച്ച ക്യാബിനറ്റ് തീരുമാനമനുസരിച്ചുള്ള ഉത്തരവിറങ്ങാൻ വൈകുന്നതിനെക്കുറിച്ചും വ്യക്തമാക്കണം. പ്രസ്തുത സ്ക്കൂളുകളിൽ അദ്ധ്യാപകരുടെ തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിന്റെ പേരിൽ വൻതോതിൽ അഴിമതിയുണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് മന്ത്രിസഭാ തീരുമാനം അട്ടിമറിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ പുറത്താക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): രാജീവ്ഗാന്ധി ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി പിന്നോക്ക പ്രദേശങ്ങളിലെ മതന്യൂനപക്ഷങ്ങളെ വിദ്യാഭ്യാസപരമായി ഉദ്ധരിക്കുന്നതിനുവേണ്ടിയാണ് മലബാറിലെ അഞ്ച് ജില്ലകളിൽ 1994-ൽ 42 സ്ക്കൂളുകൾ പ്രവർത്തനമാരംഭിച്ചത്. മലബാറിലെ കണ്ണൂർ ജില്ല ഒഴികെയുള്ള അഞ്ച് ജില്ല കളിലായി 33 സ്ക്കൂളുകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ സ്ക്കൂളുകൾക്ക് ആദ്യമായി അംഗീകാരം കൊടുത്ത എൽ.ഡി.എഫ്. ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം പ്രസ്തുത സ്ക്കൂളുകളിൽ ഉച്ചഭക്ഷണവും മുസ്ലീം-നാടാർ സ്ക്കോളർഷിപ്പും എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും നൽകുകയും ഡി.പി.ഇ.പി. പദ്ധതി നടപ്പിലാക്കുകയും ഈ സ്ക്കൂളുകളിൽ നിന്ന് നൽകുന്ന ടി.സി. ഗവൺമെന്റ്/എയ്ഡഡ് സ്ക്കൂളുകളിൽ നിന്നുള്ള ടിസി.-ക്ക് തുല്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷംവന്ന യു.ഡി.എഫ്. ഗവൺമെന്റ് പ്രസ്തുത സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് ബേസിക് പേസ്കെയിൽ കൊടുക്കുന്നതിന് തീരുമാനിച്ചു. ഇതിനെതിരായി ഒരാൾ ഹൈക്കോടതിയിൽ പോവുകയും കോടതി സ്റ്റേ ചെയ്തതിനെത്തുടർന്ന് സംസ്ഥാന ഗവൺമെന്റ് സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുകയും സുപ്രീം കോടതി ഗവൺമെന്റിന്റെ നിലപാട് ശരിവയ്ക്കുകയുമാണുണ്ടായ ത്. 2006-ൽ ഗവൺമെന്റ് ഇറക്കിയ ഓർഡറനുസരിച്ച് പ്രസ്തുത വിദ്യാ ഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കുള്ള വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി എന്നിവ കെ.ഇ.ആർ. അനുസരിച്ച് നിശ്ചയിക്കാനും അടിസ്ഥാന ശമ്പളത്തിന്റെ കൂടെ ഡി.എ. കൂടി ഉൾപ്പെടുത്താനും തീരുമാനിച്ചു.

2009-ൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് 2006-ലെ പരിഷ്ക്കരിച്ച ശമ്പളം നൽകാൻ തീരുമാനിച്ചു. അതിനുശേഷം ഇവ എയ്ഡഡ് സ്കൂളുകളാക്കുന്നതിനുള്ള ശ്രമം തുടങ്ങിയത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. അന്ന് ഇറക്കിയ ഉത്തരവിൽ ഏരിയ ഇന്റൻസീവ് പദ്ധതിപ്ര കാരം പ്രവർത്തിക്കുന്ന 35 സ്ഥാപനങ്ങളിലെ ജീവനക്കാരെ, എയ്ഡഡ് വിഭാഗം അധ്യാപകരെ വേതന കാര്യത്തിൽ പരിഗണിക്കുന്നതിന് സമാന മായി പരിഗണിച്ച് ഇൻക്രിമെന്റ് അടക്കം അനുവദിക്കണമെന്നും, ഒരു ഇട ക്കാല തീരുമാനമെന്ന നിലയിൽ 13-2-2009-ലെ ഓർഡർ പ്രകാരമുള്ള ശമ്പളപരിഷ്ക്കരണ ആനുകൂല്യം അവർക്കുകൂടി ബാധകമാക്കണമെന്നും, ഈ സ്ഥാപനങ്ങളെ എയ്ഡഡ് സ്ഥാപനങ്ങളാക്കി മാറ്റണമെന്ന നിർദ്ദേശവുമാണുണ്ടായിരുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒരു സ്കൂളിന് എയ്ഡഡ് പദവി കൊടുക്കണമെങ്കിലോ ഗവൺമെന്റ് സ്കൂളാക്കി മാറ്റണമെങ്കിലോ ക്യാബിനറ്റ് തീരുമാനിക്കാതെ സാധിക്കില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അങ്ങനെ ഒരു തീരുമാനമുണ്ടായിട്ടില്ല.

ശ്രീ. ഉമ്മൻചാണ്ടി: ഇതുസംബന്ധിച്ച മുൻ വിദ്യാഭ്യാസ മന്ത്രിയുടെ ഫയൽ തിരിച്ചുവരുന്ന അവസരത്തിൽ അത് പരിശോധിക്കുകയും ഗവൺമെന്റിന്റെ ഒരു വർഷക്കാലത്തെ പരിപാടിയിൽ അതുകൂടി ഉൾപ്പെടുത്തി പരസ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അതു സംബന്ധിച്ചുള്ള ഫയൽ ക്യാബിനറ്റിൽ വയ്ക്കുകയും ചെയ്തു. സ്കൂളു കൾക്ക് .എല്ലാ ആനുകൂല്യങ്ങളും കൊടുത്ത് എയ്ഡഡ് പദവി നൽകുന്നതു സംബന്ധിച്ച നിർദ്ദേശമാണ് വിദ്യാഭ്യാസ വകുപ്പിൽനിന്ന് വന്നത്. അത്

ഗവൺമെന്റ് തത്വത്തിൽ അംഗീകരിക്കുകയും സാമ്പത്തിക ബാദ്ധ്യതകളെക്കുറിച്ച് പരിശോധിക്കാൻവേണ്ടി ധനകാര്യവകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് അനുകൂലമായും പ്രതികൂലമായും ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളും സാമ്പത്തികവശങ്ങളും പരിശോധിച്ച് ഗവൺമെന്റ് യുക്തമായ തീരുമാനമെടുക്കുന്നതാണ്. തികഞ്ഞ കൂട്ടുത്തരവാദിത്വത്തോടുകൂടിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇന്നലെ വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ 35 സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ തീരുമാനിച്ചു എന്നാണ് പറഞ്ഞത്. മന്ത്രിസഭ എടുത്ത തീരുമാനത്തിന് വിരുദ്ധമായിട്ടാണ് മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞിരിക്കുന്നത്. സാമ്പത്തികബാദ്ധ്യതയുള്ള കാര്യങ്ങൾ ധനകാര്യവകുപ്പ് കണ്ടിട്ടേ ക്യാബിനറ്റിൽ വരികയുള്ളൂ. ഈ പ്രശ്നത്തെ സംബന്ധിച്ച് വ്യക്തതയുണ്ടാക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ വിഷയത്തെ സംബന്ധിച്ച മന്ത്രിസഭാ തീരുമാനത്തെക്കുറിച്ച് മുഖ്യമന്ത്രി സഭയിൽ വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മന്ത്രിസഭയുടെ മുമ്പിൽ വന്നിട്ടുള്ള നിർദ്ദേശം എയ്ഡഡ് സ്കൂളുകളാക്കി മാറ്റാനാണ്. ഇത് സംബന്ധിച്ച് അനുകൂലമായും പ്രതികൂലമായും വന്നിട്ടുള്ള നിർദ്ദേശങ്ങളും സാമ്പത്തിക വശങ്ങളും പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): മന്ത്രിസഭാ തീരുമാനമെന്ന നിലയിൽ സർക്കാർ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള

കാര്യങ്ങളെയും മാധ്യമങ്ങളോട് പറഞ്ഞ കാര്യങ്ങളെയും തകിടംമറിക്കുന്ന തരത്തിലുള്ള വിശദീകരണമാണ് മുഖ്യമന്ത്രി സഭയിൽ നടത്തിയിരിക്കുന്നത്. നിർഭാഗ്യകരമായ ഈ തീരുമാനത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്നിറങ്ങിപ്പോകുകയും അൽപ്പസമയത്തിനുള്ളിൽ തിരികെ വരികയും ചെയ്തു.)

(2) <u>വൈക്കത്ത് കേരള എക്സ്പ്രസ്സിന്റെ സ്റ്റോപ്പ് തുടരുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വൈക്കം റോഡ് റെയിൽവേ സ്റ്റേഷനിൽ കേരള എക്സ്പ്രസ്സ് ട്രെയിനിന് നിലവിലുണ്ടായിരുന്ന സ്റ്റോപ്പ് ജൂലൈ 1 മുതൽ നിറുത്തലാക്കാനുള്ള റെയിൽവേയുടെ തീരുമാനം പിൻവലിക്കാൻ സർക്കാർ ഇടപെടണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): കേരള എക്സ്പ്രസ്സ് ട്രെയിനിന് വൈക്കം റോഡ് സ്റ്റേഷനിലുണ്ടായിരുന്ന സ്റ്റോപ്പ് ജൂലൈ 1 മുതൽ നിറുത്താൻ പോകുന്നുവെന്ന് അറിഞ്ഞതിനെത്തുടർന്ന് ഗവൺമെന്റ് റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ സർക്കാർ വീണ്ടും റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെടുന്നതാണ്.

(3) <u>നബാർഡിന്റെ ഓഫീസുകൾ നിറുത്തലാക്കിയത് സംബന്ധിച്ച്</u>

<u>ഡോ. ടി.എം. തോമസ് ഐസക്</u>: മുന്നോക്ക ജില്ലകളാണെന്ന പേരിൽ നിറുത്തലാക്കിയ നബാർഡിന്റെ കൊല്ലം, പത്തനംതിട്ട, എറണാകുളം,

കോഴിക്കോട് ഓഫീസുകൾ സർക്കാർ അടിയന്തരമായി ഇടപെട്ട് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ദേശീയ കാർഷിക വായ്പയുടെ 40 ശതമാനം തുക നാലര ശതമാനം പലിശയ്ക്കാണ് കർഷകർക്കും സ്വയംസഹായ സംഘങ്ങൾക്കും പുനർവായ്പയായി നബാർഡ് വിതരണം ചെയ്തത്. നബാർഡിന്റെ ജില്ലാ ആഫീസുകൾ മാറ്റിസ്ഥാപിച്ചുതുമൂലം കർഷകർക്കോ സ്വയംസഹായ സംഘങ്ങൾക്കോ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. 2011–12 വർഷത്തിൽ 5130 കോടി രൂപയുടെ ധനസഹായം നബാർഡ് നൽകിയിട്ടുണ്ട്. 2012–13 വർഷത്തിൽ 5136 കോടി രൂപ പുനർവായ്പയായി വിതരണം ചെയ്യാൻ കഴിയുമെന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്.

## (4) ബീഡിത്തൊഴിലാളികളുടെ പെൻഷൻ

ശ്രീ. സി. കൃഷ്ണൻ: സംസ്ഥാനത്തെ ബീഡിത്തൊഴിലാളികളുടെ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് കഴിഞ്ഞ ആറ് മാസമായി ബീഡിത്തൊഴിലാളികളുടെ പെൻഷൻ മുടങ്ങിയത്. ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവന്നതിനെത്തുടർന്ന് പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള ഓർഡർ ആയിട്ടുണ്ട്.

## (5) പട്ടയരഹിതർക്ക് ആനുകൂല്യം

ശ്രീ. എം.പി. വിൻസെന്റ്: പട്ടയമില്ലാത്ത ഭൂമിയിൽ താമസിക്കുന്നവരെക്കൂടി ഭവന പദ്ധതികളിലെ ഗുണഭോക്താക്കളായി പരിഗണിക്കുന്നതിനും പ്രകൃതിക്ഷോഭംമൂലം നഷ്ടം സംഭവിച്ച പട്ടയരഹിതർക്ക് ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പ്രകൃതിക്ഷോഭംമൂലം നഷ്ടം സംഭവിച്ച പട്ടയരഹിതർക്ക് ആനുകൂല്യം നൽകുന്നതിനുവേണ്ടി നിയമഭേദഗതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. എത്രയുംവേഗം അർഹതപ്പെട്ടവർക്ക് പട്ടയം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (6) തളിപ്പറമ്പ് താലൂക്കിലെ ഭൂപ്രശ്നങ്ങൾ

ശ്രീ. ജെയിംസ് മാത്യു: തളിപ്പറമ്പ് താലൂക്കിലെ വിവിധ വില്ലേജുകളിൽ താമസിക്കുന്ന ഭൂവുടമകൾക്ക് കൈവശാവകാശരേഖ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : തളിപ്പറമ്പ് താലൂക്കിലെ പട്ടുവം, പന്നിയൂർ, കുറുമാത്തൂർ വില്ലേജുകളുടെ ഭൂപ്രശ്നവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടറുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടുവം ഭൂമി പ്രശ്നത്തിന്മേൽ ജില്ലാ കളക്ടർ നേരിട്ട് സ്ഥലം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാനും കൈവശക്കാരെക്കൂടി ബോദ്ധ്യപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുള്ളതായും ജന്മിയുടെ കൈവശഭൂമി പരിശോധിച്ച് സ്കെച്ച്, മഹസർ ഇവ തയ്യാറാക്കി റിപ്പോർട്ട്

നൽകുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുറുമാത്തൂർ വില്ലേജിൽ ഏറ്റെടുക്കാനുത്തരവായ മിച്ചഭൂമിയിൽ താമസിക്കുന്ന 76 പേരുടെ കൈവശമുള്ള ഭൂമിയുടെ വ്യക്തിഗത സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കി ഭൂമി പതിച്ചുനൽകുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പന്നിയൂർ വില്ലേജിലെ ഭൂപ്രശ്നത്തിൽ രേഖകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തളിപ്പറമ്പ് താലൂക്കിലെ മറ്റ് വില്ലേജുകളിലേയും ഭൂപ്രശ്നം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## (7) <u>ടോൾ പിരിവ്</u>

<u>ശ്രീ. ഡൊമനിക് പ്രസന്റേഷൻ</u> : മട്ടാഞ്ചേരി ബി.ഒ.റ്റി. പാലത്തിന്റെയും കുമ്പളങ്ങി-പെരുമ്പടപ്പ് പാലത്തിന്റേയും ടോൾ പിരിവ് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്</u>) : മട്ടാഞ്ചേരി ബി.ഒ.റ്റി. പാലത്തിന്റെ ടോൾ പിരിവ് നിറുത്തണമെന്ന ആവശ്യം ആർബിട്രേഷൻ ട്രിബ്യൂണലിന്റെ അന്തിമ വിധി വരുന്ന മുറയ്ക്കും കുമ്പളങ്ങി-പെരുമ്പടപ്പ് പാലത്തിന്റെ ടോൾ പിരിവ് നിറുത്തണമെന്ന ആവശ്യം പരിശോധിച്ചും തീരുമാനം എടുക്കുന്നതാണ്.

## (8) <u>ഫ്ളൈ ഓവറുകളുടെ നിർമ്മാണം</u>

<u>ശ്രീ. ഹൈബി ഈഡൻ</u> : എറണാകുളം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി മുമ്പ് പ്രൊപ്പോസലുണ്ടായിരുന്ന നാല് ഫ്ളൈ ഓവറുകൾ നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : എറണാകുളം ജില്ലയിലെ ഗതാഗത പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽ ഇടപ്പള്ളി, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ നാല് ഹൈവേ ജംഗ്ഷനുകളിലെ ഫ്ളൈ ഓവർ നിർമ്മാണം സംബന്ധിച്ച ഡി.പി.ആർ.തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് നിറുത്തിവച്ചിരുന്ന സർവ്വേ നടപടികൾ വിവിധ രാഷ്ട്രീയ പാർട്ടികളുമായും ബഹുജനസംഘടനകളുമായും ചർച്ച നടത്തിയശേഷം മാത്രമേ തുടരാൻ സാധിക്കുകയുള്ളു. മെട്രോ റെയിൽ ഇടപ്പള്ളി, വൈറ്റില ജംഗ്ഷനുകളിൽകൂടി കടന്നുപോകുന്നതിനാൽ അവിടെ ഒരു മെട്രോ മൊബിലിറ്റി ഹബ്ബുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തീരുമാനം എടുത്തിട്ടുണ്ട്. ഫ്ളൈ ഓവറുകളുടെ നിർമ്മാണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടോൾ നിരക്ക് കഴിയുന്നത്ര കുറച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നിർമ്മാണച്ചെലവിന്റെ ഒരു ഭാഗം കേന്ദ്ര സർക്കാരിൽനിന്ന് ഗ്രാന്റ്-ഇൻ-എയ്ഡായി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിവരുകയാണ്. ടോൾ നിരക്ക് കുറയ്ക്കുന്നത് അടക്കമുള്ള കാര്യങ്ങൾ അവലംബിക്കുന്നതിന് ബന്ധപ്പെട്ട കൺസൾട്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (9) അണക്കെട്ടിന്റെ പുനർനിർമ്മാണം

ശ്രീ. ഇ. ചന്ദ്രശേഖരൻ : കാഞ്ഞങ്ങാട് നഗരസഭയിലെ നമ്പ്യാർക്കാലിൽ സ്ഥിതിചെയ്യുന്ന അണക്കെട്ടിന്റെ പുനർനിർമ്മാണം അടിയന്തരമായി നടപ്പാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ നമ്പ്യാർക്കാൽ ഉപ്പുവെള്ള പ്രതിരോധ അണക്കെട്ടിന്റെ പുനരുദ്ധാരണത്തിനും ട്രാക്ക്‌വേ നിർമ്മാണത്തിനുമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയുണ്ടായെങ്കിലും ആദ്യം ക്വാട്ട് ചെയ്ത റേറ്റിൽ നിന്നും വ്യത്യസ്തമായി ഗവൺമെന്റ് അംഗീകരിച്ച അധിക റേറ്റിന് പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറല്ലെന്ന് കരാറുകാർ അറിയിച്ച സാഹചര്യത്തിൽ പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചശേഷം പ്രവൃത്തികൾ ചെയ്യുന്നതാണ്.

(10) ഫറോക്ക് താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എളമരം കരീം: ബേപ്പൂർ മണ്ഡലത്തിലെ ഫറോക്ക് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനേയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഫറോക്ക് താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ 70 ശതമാനം പണിയും എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ മേൽനോട്ടത്തിൽ പൂർത്തിയായിരിക്കുകയാണ്. ഡോക്ടർമാരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാനുള്ള ഭൗതിക സാഹചര്യം നിലവിലില്ലാത്തതിനാൽ കിടത്തിച്ചികിത്സയുള്ള മറ്റ് ആശുപത്രികളിലേക്ക് ഡോക്ടർമാരേയും സ്റ്റാഫിനേയും പുനർവിന്യസിച്ചിരിക്കുകയാണ്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ

പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതാണ്.

(11) പോസ്റ്റ്മോർട്ടം നടത്തുന്ന സമയം

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: നിലവിലുള്ള നിയമം ഭേദഗതി ചെയ്ത് 24 മണിക്കൂറും പോസറ്റ്മോർട്ടം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പോലീസിന്റെ നിയമാവലി പ്രകാരം പകൽവെളിച്ചത്തിലാണ് പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് മുൻപുള്ള ഇൻക്വസ്റ്റ് തയ്യാറാക്കുന്നത്. പരിചയ സമ്പന്നരായ ഡോക്ടർമാരുടെ അഭിപ്രായംതേടി അതിസൂക്ഷ്മമായി ചെയ്യുന്ന പോസ്റ്റ്മോർട്ടം പരിശോധനയുടെ കണ്ടെത്തലുകളാണ് കോടതികൾ നീതിനിർവ്വഹണത്തിനായി ആശ്രയിക്കുന്നത്. രാത്രി പോസ്റ്റ്മോർട്ടം ചെയ്യേണ്ടിവന്നാൽ റിപ്പോർട്ടിന്റെ ആധികാരികത ചോദ്യം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. നിലവിലുള്ള രീതി തുടർന്നാൽ മതിയെന്നാണ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബ്യൂറോയിലെ ഫോറൻസിക് മെഡിസിൻ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അഭിപ്രായമെങ്കിലും പൊതുജനാഭിപ്രായം മാനിച്ച് ഇക്കാര്യം നിയമപരമായും സാങ്കേതികമായും പരിശോധിക്കുന്നതാണ്.

മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u>

1. 2012-ലെ കേരള സഹകരണസംഘം (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു

2. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

<u>റൂളിംഗ്</u>

<u>രേഖകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ:</u> ശ്രീ. എ.കെ. ബാലൻ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ അനുവാദം ചോദിച്ചുകൊണ്ട് ചെയറിന് നൽകിയത് 2006-ലെ വനാവകാശ നിയമ പ്രകാരം 31-03-2011-വരെ നടപ്പിലാക്കിയ കാര്യങ്ങളുടെ ഇംപ്ലിമെന്റേഷൻ റിപ്പോർട്ടാണ്. പ്രസ്തുത നിയമപ്രകാരം 31-03-2011 വരെ 16,362 പേർക്ക് 2361 ഏക്കർ ഭൂമി പട്ടയം നൽകിയതായി കാണുന്നു. മന്ത്രി ഇന്ന് അടിയന്തര പ്രമേയാവതരണത്തിന് മറുപടി പറഞ്ഞപ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിൽ പരാജയപ്പെട്ട കാര്യമാണ് ചൂണ്ടിക്കാണിച്ചത്. വനാവകാശനിയമ പ്രകാരം ആദിവാസികൾക്ക് അവർ കൈവശം വച്ചിരുന്ന സ്ഥലത്തിന്റെ അവകാശം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നൽകിയ കാര്യം അദ്ദേഹം മറുപടിയിൽ സമ്മതിച്ചിരുന്നു. ശ്രീ. എ.കെ. ബാലൻ മേശപ്പുറത്ത് വയ്ക്കാൻ അനുവാദം ചോദിച്ച കടലാസ് സഭയുടെ മുന്നിലുള്ള വിഷയവുമായി യാതൊരുതരത്തിലും ബന്ധപ്പെട്ടതല്ലെന്ന് പരിശോധ

നയിൽ കാണുന്നതിനാൽ പ്രസ്തുത രേഖ മേശപ്പുറത്ത് വയ്ക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

## ധനകാര്യം

## 2012-2013 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും (1935,18,39,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (265,69,82,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ. സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, കെ. രാജു, വി. ശശി, ഇ.കെ. വിജയൻ, ചിറ്റയം ഗോപകുമാർ, എം. ചന്ദ്രൻ, പി.കെ. ഗുരുദാസൻ,

കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എ. പ്രദീപ് കുമാർ, കെ. രാധാകൃഷ്ണൻ, പി.ടി.എ. റഹീം, രാജു എബ്രഹാം, സി.കെ. സദാശിവൻ, സാജു പോൾ, പി. ശ്രീരാമകൃഷ്ണൻ, കെ.വി. അബ്ദുൾ ഖാദർ, ബാബു എം. പാലിശ്ശേരി, എളമരം കരീം, വി. ചെന്താമരാക്ഷൻ, കെ. ദാസൻ, ബി.ഡി.ദേവസ്സി, കെ.കെ. നാരായണൻ, പുരുഷൻ കടലുണ്ടി, ടി.വി. രാജേഷ്, ആർ.രാജേഷ്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ ഗീതാ ഗോപി, പി. അയിഷാ പോറ്റി, ഇ.എസ്. ബിജിമോൾ, കെ.കെ. ലതിക, കെ.എസ്. സലീഖ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. രാജു എബ്രഹാം : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് പനിബാധിതരുടെ എണ്ണം ഏതാണ്ട് 40 ലക്ഷത്തോളമായിരിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന രോഗ നിയന്ത്രണ അവലോകന സംവിധാനം ഇന്ന് ഇല്ലാതായിരിക്കുകയാണ്. സംസ്ഥാനത്ത് പകർച്ച വ്യാധികൾ പടർന്നു പിടിക്കുമ്പോഴും ആവശ്യമായ മരുന്നുകളും പ്രതിരോധ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെടുകയാണ്. ആയുർവ്വേദ/ ഹോമിയോ രംഗങ്ങളിൽ യാതൊരു വികസന പ്രവർത്തനവും നടത്താൻ സർക്കാർ തയ്യാറാകുന്നില്ല. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിയുടെ പ്രവർത്തനത്തിനായി തുക നീക്കിവയ്ക്കാതെ വ്യാജമരുന്ന് വിൽപ്പനക്കാരെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്ന് വാങ്ങാതെ കുത്തക കമ്പനികളെ സഹായിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന്റെ ഫലമായി അവശ്യ മരുന്നുകൾക്ക് ക്രമാതീതമായി വില ഉയരുന്ന സാഹചര്യമാണുള്ളത്. കെ.എസ്.ഡി.പി. അടച്ചുപൂട്ടിയത് ആരുടെ താൽപ്പര്യം സംരക്ഷി

ക്കാൻ വേണ്ടിയാണെന്ന് വ്യക്തമാക്കണം. 'താലോലം' പദ്ധതി പ്രോത്സാഹിപ്പിക്കാനും പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽനിന്നും പിരിച്ചുവിട്ട ജോലിക്കാരെ തിരിച്ചെടുക്കാനും ഡോക്ടർമാരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയന്ത്രണമേർപ്പെടുത്താനും നടപടി സ്വീകരിക്കണം. ബലരാമൻ കമ്മിഷൻ റിപ്പോർട്ട് അടിയന്തരമായി നടപ്പാക്കണം.

ശ്രീ. കെ. മുരളീധരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഒരു വർഷത്തിനിടയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ന്യായവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ കാരുണ്യാമെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചതും സംസ്ഥാനത്ത് പുതുതായി മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചതും പ്രശംസനീയമാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം വർദ്ധിപ്പിച്ചതും ചികിത്സയ്ക്ക് സ്മാർട്ട് കാർഡ് ഏർപ്പെടുത്തിയതും മംഗലാപുരം മെഡിക്കൽ കോളേജിൽ സൗജന്യ ചികിത്സയ്ക്കുള്ള കരാർ ഉണ്ടാക്കിയതും മലബാർ ക്യാൻസർ സെന്ററിന്റെ സഹായത്തോടെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഔട്ട് പേഷ്യന്റ് ക്ലിനിക് ആരംഭിച്ചതും ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. മാലിന്യ സംസ്ക്കരണത്തിന് ബദൽ സംവിധാനം ഏർപ്പെടുത്തുകയും തെരുവുനായ്ക്കളെ പിടികൂടുന്നതിന് കർശന നടപടി സ്വീകരിക്കുകയും വേണം. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഡോക്ടർമാർക്ക് വിദേശ ജോലിക്ക് ലീവ് അനുവദിക്കാതിരിക്കാൻ നടപടിയുണ്ടാകണം. സർക്കാർ ആശുപത്രി

കളിൽ ലഭ്യമാകുന്ന മരുന്നുകളുടെ പേരും സ്റ്റോക്കും പ്രദർശിപ്പിക്കണം. എസ്.എ.ടി. ആശുപത്രിയിലെ ശിശുമരണങ്ങളെ സംബന്ധിച്ച് വസ്തുനിഷ്ഠ മായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്ക ണം. ഹോമിയോ ഡിസ്പെൻസറികളുടെ എണ്ണം വർദ്ധിപ്പിക്കണം. തിരുവ നന്തപുരം ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജാക്കണം. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

ശ്രീ. ചിറ്റയം ഗോപകുമാർ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ ഒരു വർഷമായി ആരോഗ്യ മേഖലയാകെ തകർന്നിരിക്കുകയാണ്. സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് ആശുപത്രികളിലും വൈറോ ളജി ലാബുകൾ സ്ഥാപിക്കാനും മൈക്രോ ബയോളജി ഡോക്ടർമാരെ നിയമിക്കാനും നടപടി സ്വീകരിക്കണം. മരുന്നുകളുടെ വില വർദ്ധനവ് തടയാൻ ഇടപെടൽ ഉണ്ടാകണം. ഡെങ്കു കാർഡിന് വില വർദ്ധിപ്പിച്ച നടപടി ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്താനും സഞ്ചരിക്കുന്ന മെഡിക്കൽ ടീമിനെ നിയോഗിക്കാനും തയ്യാറാകണം. സംസ്ഥാനത്ത് സമഗ്രമായ ഒരു മെഡിക്കൽ നിയമം നടപ്പിലാക്കണം. ഹോമിയോപ്പതിക്കും ആയുർവേദത്തിനും വേണ്ടത്ര പ്രാധാന്യം നൽകണം. ആയുർവേദ മെഡിക്കൽ രംഗത്ത് പരസ്യ ങ്ങൾവഴി ജനങ്ങളെ ചൂഷണം ചെയ്യുന്ന സ്ഥിതി അവസാനിപ്പിക്കണം. ആശാ വർക്കർമാർക്ക് ഓണറേറിയം വർദ്ധിപ്പിക്കാനും ഓണറേറിയം കുടി ശ്ശിക നൽകാനുമുള്ള നടപടി സ്വീകരിക്കണം. അടൂർ താലൂക്ക് ആശുപത്രി യിൽനിന്നും ജീവനക്കാരെ പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാകാത്ത പ്രദേശങ്ങളിൽ അത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് പ്രാധാന്യം നൽകുകയും മാലിന്യ നിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണന നൽകുകയും ചെയ്യുന്നുണ്ട്. ഈ വർഷം ആരോഗ്യ മേഖലയുടെ പ്രവർത്തനങ്ങൾക്ക് 470 കോടി രൂപ വകയിരുത്തിയിരിക്കുന്നത് ശ്ലാഘനീയമാണ്. നാല് പുതിയ മെഡിക്കൽ കോളേജുകൾ കൂടാതെ വയനാട്, പാലക്കാട് ജില്ലകളിലും ഹരിപ്പാടും ഓരോ മെഡിക്കൽ കോളേജുകൂടി ആരംഭിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. സംസ്ഥാനത്ത് കാരുണ്യ ഫാർമസികൾ വ്യാപകമാക്കാനുള്ള നിർദ്ദേശം ശ്രദ്ധേയമാണ്. പകർച്ചവ്യാധികൾ തടയുന്നതിൽ സർക്കാർ സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. സമഗ്ര രോഗപ്രതിരോധ പരിപാടിയിലൂടെ രോഗങ്ങളുടെ വ്യാപനം ഗണ്യമായി തടയാനും പി.എസ്.സി. വഴി 403 ഡോക്ടർമാരെ നിയമിക്കാനും 104 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടാൻ ഡി.എം.ഒ.-മാർക്ക് കോർപ്പസ് ഫണ്ട് നൽകിയിട്ടുണ്ട്. മണ്ണാർക്കാട് താലൂക്കാശുപത്രിയിലും അട്ടപ്പാടി ട്രൈബൽ മിഷൻ ഹോസ്പിറ്റലിലും അഗളി ഹോസ്പ്പിറ്റലിലും ആവശ്യമായ ഡോക്ടർമാരേയും ടെക്നീഷ്യൻമാരേയും നിയമിക്കുന്നതിന് നടപടിയുണ്ടാകണം.

<u>ശ്രീമതി ജമീലാ പ്രകാശം</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യമേഖലയിൽ കേരളം ഒരളവുവരെ സ്വയംപര്യാപ്തമാണ്. സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ

ഭീമമായതിനാൽ സർക്കാർ ആശുപത്രികളിൽ നിർധനരായ രോഗികൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മുൻവർഷങ്ങളെ അപേക്ഷിച്ച് വളരെ വേഗത്തിൽ ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, ടൈഫോയ്ഡ്, എച്ച്1എൻ1 തുടങ്ങിയ രോഗങ്ങൾ വ്യാപിക്കുകയും സംസ്ഥാനത്തുനിന്നും നിർമ്മാർജ്ജനം ചെയ്ത ക്ഷയ രോഗം, മലേറിയ എന്നിവ തിരിച്ചെത്താനിടയാകുകയും ചെയ്തത് പരിസര മലിനീകരണം കൊണ്ടാണ്. കൂടാതെ കുടിവെള്ളക്ഷാമം, രോഗനിർണ്ണ യത്തിലെ കാലതാമസം, ഫലപ്രദമായ ചികിത്സയുടെ അഭാവം തുടങ്ങിയവയും പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിന് കാരണ മായിട്ടുണ്ട്. ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അവശ്യം ജീവനക്കാ രും മരുന്നും പരിശോധനാ സൗകര്യങ്ങളുമുണ്ടെന്ന് ഉറപ്പാക്കണം. ക്ഷയരോ ഗം, മലമ്പനി എന്നിവയുടെ വ്യാപനം തടയുന്നതിനായി അന്യസംസ്ഥാന തൊഴിലാളികളെ നിർബന്ധിത വൈദ്യപരിശോധനയ്ക്ക് വിധേയമാക്കണം. മാലിന്യ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം. സമഗ്ര ആരോഗ്യ ഇൻഷു റൻസ് പദ്ധതിയിൽ നിന്നും സ്വകാര്യ ആശുപത്രികൾ പിൻമാറാനുള്ള തീരു മാനം പരിശോധിക്കപ്പെടണം. കാരുണ്യ ഫാർമസി പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമായി ചുരുങ്ങിയത് ആക്ഷേപാർഹമാണ്. ശരിയായ പരിശോധന നടത്താതെ മരുന്നുകൾ വിപണിയിൽ എത്തുന്ന സ്ഥിതിക്ക് പരിഹാരമുണ്ടാകണം. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രി യിൽ നവജാതശിശുക്കൾ മരിക്കാനിടയായ സംഭവത്തിൽ ഉത്തരവാദികളെ കണ്ടെത്തി ശിക്ഷാനടപടികളും പരിഹാര നടപടികളും സ്വീകരിക്കണം. കാലഹരണപ്പെട്ട മരുന്നുകൾക്ക് നിരോധനം ഏർപ്പെടുത്തണം. ഗുണമേന്മ

പരിശോധിക്കാതെ സൗന്ദര്യ വർദ്ധക ഉൽപ്പന്നങ്ങൾ ആയുർവേദ മരുന്നുകളുടെ പട്ടികയിൽപ്പെടുത്തുന്നത് പരിശോധിക്കണം. നഴ്സുമാരുടെ ശമ്പള വർദ്ധനവിന് അടിയന്തര നടപടി സ്വീകരിക്കണം. സിദ്ധവൈദ്യത്തിനും യുനാനിക്കും പ്രോത്സാഹനം നൽകണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ മേഖലയിൽ കഴിഞ്ഞ ഗവൺമെന്റ് അനുവർത്തിച്ച നയങ്ങളും പരിപാടികളും കേരളത്തിന് എത്രത്തോളം ഗുണം ചെയ്തുവെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. സർക്കാർ മേഖലയിൽ നാല് മെഡിക്കൽ കോളേജുകൾ തുടങ്ങാനെടുത്ത തീരുമാനം അഭിനന്ദനാർഹമാണ്. പകർച്ചപ്പനിയെ നേരിടാൻ ആരോഗ്യ വകുപ്പ് സമസ്ത മേഖലകളേയും കർമ്മനിരതമാക്കിയതും പനിബാധിത പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കുകൾ ആരംഭിച്ചതും വിവിധ ജില്ലകളിലെ ഡോക്ടർമാരുടേയും നഴ്സുമാരുടേയും ഫാർമസിസ്റ്റുമാരുടേയും ഒഴിവുകൾ താൽക്കാലികമായി നികത്താൻ നടപടി സ്വീകരിച്ചതും അഭിനന്ദനാർഹമാണ്. നിലവിലുള്ള മെഡിക്കൽ കോളേജുകളെ ശാക്തീകരിക്കുന്നതിനും ആലപ്പുഴ, തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ധീരമായ നടപടികൾ സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. '108 ആമ്പുലൻസ് പദ്ധതി' സുസജ്ജമായ രീതിയിൽ എല്ലാ ജില്ലകളിലും ഏർപ്പെടുത്താനുള്ള നീക്കത്തെ അഭിനന്ദിക്കുന്നു. സംസ്ഥാന വ്യാപകമായി കാരുണ്യ ഫാർമസികൾ തുടങ്ങാനുള്ള തീരുമാനവും ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റിക്ക് 5 കോടി രൂപ അനുവദിച്ച നടപടിയും സ്വാഗതാർഹമാണ്.

എൻ.ആർ.എച്ച്.എം. നിയന്ത്രണത്തിലുള്ള സാന്ത്വന പരിചരണ ചികിത്സാ വിഭാഗം ആയുർവ്വേദ രംഗത്തുകൂടി നടപ്പിലാക്കണം. ഹോമിയോപ്പതി ഡിസ്പെൻസറികൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കണം. ഡയാലി സിസിനാവശ്യമായ നീഡിലുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഇൻജക്ഷനാവശ്യമായ മരുന്നിന്റെ അമിത വിലവർദ്ധനവ് കുറയ്ക്കുന്ന തിനും നടപടി സ്വീകരിക്കണം. മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്യുന്ന ഇടുക്കി ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവ ദിക്കുന്നതിനും ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വാത്തി ക്കുടി പഞ്ചായത്തിലെ പതിനാറേഖണ്ഡം പി.എച്ച്.സി.-യെ ബ്ലോക്ക് സി.എ ച്ച്.സി. ആയി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി കെ.എസ്. സലീഖ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പകർച്ചപ്പനിയിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ എന്ത് മുൻകരുതൽ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോഴും ആരോഗ്യവകുപ്പിന് ലഭിച്ച പദ്ധ തിവിഹിതത്തിന്റെ 58 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുളളത്. വിവിധ ആരോഗ്യ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ആരോഗ്യവകുപ്പ് അനുവ ദിച്ച സംഖ്യ ഈ ഗവൺമെന്റ് ലാപ്സാക്കുകയാണ് ചെയ്തത്. ശുചിത്വ ക്യാംപെയിനുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയിൽ പത്ത് ശതമാനത്തിൽ താഴെ മാത്രമാണ് ഈ ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളത്. നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് പ്രഖ്യാപനങ്ങൾ പ്രാവർത്തികമാകുന്നില്ല. മരുന്നിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വില നിയന്ത്രിക്കുന്നതിനും യാതൊരു സംവിധാനവും നിലവിലില്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

നിലച്ചിരിക്കുകയാണ്. ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള അവശ്യമരുന്നുകളുടെ വിലയിൽ വൻവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ഡെങ്കിപ്പനി, രക്തസ്രാവം തുടങ്ങിയ അസുഖങ്ങൾ ബാധിക്കുന്നവർക്ക് യഥാസമയം ചികിത്സ ലഭ്യമാക്കണം. ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണം. 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാനും ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം സുഗമമാക്കാനും നടപടി സ്വീകരിക്കണം. സർക്കാർ ആശുപത്രികളിൽ എല്ലാ രോഗികൾക്കും സൗജന്യ മരുന്നും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കണം. അവയവദാനം കൂടുതൽ സുതാര്യമാക്കുന്നതിനുള്ള നിയമവ്യവസ്ഥ നടപ്പാക്കണം. ഡോ. ബലരാമൻ കമ്മിറ്റി ശുപാർശകൾ അടിയന്തരമായി നടപ്പാക്കണം. പാലക്കാട് ജില്ലയിൽ ബന്ധപ്പെട്ട മെഡിക്കൽ കോളേജ് സ്ഥാപിക്കുന്ന പ്രഖ്യാപനം ഏത് രൂപത്തിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം. മാതൃ-ശിശു വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ജില്ലാ ആശുപത്രികളെ മോഡൽ ആശുപത്രികളാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. താലൂക്ക് ആശുപത്രകളിലും പി.എച്ച്.സി.-കളിലും, സി.എച്ച്.സി.-കളിലും 24 മണിക്കൂറും പ്രവർത്തിച്ച് രീതിയിൽ രോഗനിർണ്ണയം നടത്തുന്നതിന് ലാബ് ടെക്നീഷ്യൻമാരെ നിയമിക്കാൻ നടപടിയുണ്ടാകണം. കൂടുതൽ മരുന്ന് സംഭരിക്കുന്നതിനാശ്യമായ പണം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിക്കുന്നതിനും ജീവൻരക്ഷാ മരുന്നുകളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനും മരുന്നുമാഫിയകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണം. ആർ.സി.സി.-യെ ദേശീയ പദവിയിലുള്ള ക്യാൻസർ ഇൻസ്റ്റിറ്റ്യൂ

ട്ടായി ഉയർത്താനും ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ സൗജന്യയാത്ര അനുവദിക്കാനും നടപടി സ്വീരിക്കണം. മുഴുവൻ ആശാപ്രവർത്തകർക്കും പുതുക്കിയ ഓണറേറിയം ലഭ്യമാക്കാൻ നടപടിയുണ്ടാകണം.

ശ്രീ. എം.പി. വിൻസെന്റ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യരംഗത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കാനും ആരോഗ്യനയം കൈവരിക്കാനും സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കാനും ഈ സർക്കാരിന് കഴിഞ്ഞത് സ്വാഗതാർഹമാണ്. മാലിന്യ നിർമ്മാർജ്ജന രംഗത്ത് രാഷ്ട്രീയത്തിനതീതമായി പ്രവർത്തിക്കണം. പകർച്ചപ്പനി തടയാൻ വാർഡുതല ശുചിത്വ സമിതികൾ സജീവമാക്കാനും ആരോഗ്യവകുപ്പിൽ ആവശ്യമായ ഡോക്ടർമാരെ നിയമിക്കാനും കഴിഞ്ഞിട്ടുണ്ട്. എ.പി.എൽ./ബി.പി.എൽ വ്യത്യാസമില്ലാതെ ഹീമോഫീലിയ പോലുള്ള രോഗബാധിതർക്ക് സൗജന്യമായി മരുന്നുവിതരണം നടത്തണം. മരുന്നുകൾക്ക് അമിത വില ഈടാക്കുന്ന കമ്പനികളെ നിയന്ത്രിക്കണം. കാരുണ്യ ഫാർമസികൾ സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കണം. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആവശ്യമായ സഹായധനം നൽകണം. പ്രതിരോധപ്രവർത്തനങ്ങളിലൂടെ പനിമരണങ്ങൾ നിയന്ത്രണവിധേയമാക്കണം. പുതിയതായി രണ്ട് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചതിനെ അഭിനന്ദിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സർക്കാർ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനും മൊബൈൽ ഓങ്കോളജി ക്ലിനിക്കുകൾ സ്ഥാപിക്കാനും താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താനും രണ്ട് സമീപ ജില്ലകളെ ഉൾപ്പെടുത്തി നെഫ്രോളജി ക്ലിനിക്കുകൾ സ്ഥാപിക്കാനും നടപടി സ്വീകരി

ക്കണം. തൈറോയിഡ്., പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ തടയാൻ കഴിയണം. ആർ.സി.സി.-യിൽ വരുന്ന രോഗികളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ പാരാമെഡിക്കൽ സ്റ്റാഫിനേയും മെഡിക്കൽ വിദഗ്ദ്ധരേയും നിയമിക്കാനും ചികിത്സാച്ചെലവ് ഉദാരമാക്കുന്നതിനും എ.പി.എൽ/ ബി.പി.എൽ. വ്യത്യാസമില്ലാതെ ക്യാൻസർ രോഗികൾക്ക് ആശ്വാസമേകാൻ കഴിയുന്ന നയസമീപനം സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണം ക്യാൻസർ രോഗികൾക്കാവശ്യമായ മരുന്നുകൾ പൊതുമേഖലയിൽ നിർമ്മിക്കുന്നതിനെപ്പറ്റി ആലോചിക്കണം. ക്യാൻസർ കെയർ ഫോർ ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് നടപടിയുണ്ടാകണം. . ശുചിത്വകാര്യങ്ങളിൽ സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കാൻ വിസമ്മതിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയന്ത്രിക്കാനും. ആയുർവ്വേദ ലേബലിൽ നിർമ്മിക്കുന്ന വ്യാജ ഔഷധങ്ങൾ നിരോധിക്കാനും ജറിയാട്രിക്സ് സയൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഗുണനിലവാരമുള്ള ക്ലിനിക്കുകൾ സ്ഥാപിക്കാനും ഡോക്ടർമാർക്ക് ആവശ്യമായ പരിശീലനം നൽകാനും തയ്യാറാകണം. സർക്കാർ ആശുപത്രികളിലെ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ നന്നാക്കാനുള്ള ഒരു കർമ്മപദ്ധതിക്ക് രൂപം കൊടുക്കണം. ശുചീകരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കാനും മാലിന്യനിർമ്മാർജ്ജനത്തിന് പ്രത്യേക പദ്ധതിയുണ്ടാക്കാനും കഴിയണം. മെഡിക്കൽ റീഇംപേഴ്സ്മെന്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. വിഷവൈദ്യന്മാരുടെ ചികിത്സാപരമായ അറിവുകൾ വരുംതലമുറയ്ക്ക് പകരാൻ നടപടിയുണ്ടാകണം. ഡോക്ടർമാരുടെ അനാവശ്യ സമരങ്ങൾ നിയന്ത്രിക്കാനും സ്വകാര്യ പ്രാക്ടീസ് നിരോധിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി.വി. രാജേഷ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് പനിയും പകർച്ചവ്യാധികളും പടർന്നുപിടിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്ത് പരിഹാരം കാണണം. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിൽ ആരോഗ്യ വകുപ്പ് ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുകയാണ്. സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജില്ല തോറും ആരംഭിച്ച ഡിസീസ് സർവ്വയലൻസ് യൂണിറ്റ് ഇന്ന് പ്രവർത്തനരഹിതമാണ്. അലോപ്പതി, ഹോമിയോ, ആയുർവേദം തുടങ്ങിയ മേഖലകളെ ഹോളിസ്റ്റിക്കായി സമന്വയി പ്പിച്ചുകൊണ്ട് പ്രവർത്തിപ്പിക്കാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊടുത്ത ആരോഗ്യ സർവ്വകലാശാലയ്ക്ക് അതിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. കേരളത്തിലെ ജനകീയ ആരോഗ്യ പരിപാടി കളിൽ കാലത്തിനനുസരിച്ച് മാറ്റംവരുത്തണം. അത്യാവശ്യ മരുന്നുകളുടെ വിലവർദ്ധന കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയത് അഭിനന്ദ നാർഹമാണ്. പേറ്റന്റ് ആക്ടിൽ ഭേദഗതി വരുത്തി മരുന്നിന്റെ വില നിയന്ത്രണം എടുത്തുകളഞ്ഞ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയത്തിനെ തിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒന്നിച്ച് പോരാടാൻ തയ്യാറാക ണം. പുതിയ മെഡിക്കൽ കോളേജ് വേണമെന്ന നിലപാടിനെ അംഗീകരി ക്കുന്നതോടൊപ്പം നിലവിലുള്ളവയുടെ സ്ഥിതി മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുകയും വേണം. പുതിയ മെഡിക്കൽ കോളേജുകൾക്കുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്താത്തത് ഖേദകരമാണ്. ബലരാമൻ കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി നടപ്പിലാക്കി നേഴ്സിംഗ് മേഖലയിലെ ചൂഷണം അവസാനിപ്പിക്കണം. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

നിരോധനം അട്ടിമറിക്കാനുള്ള നീക്കം തടയണം. കേന്ദ്ര ആഭ്യന്തര മന്ത്രാലയം തടഞ്ഞുവച്ച പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. എൻഡോസൾഫാൻ വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി നടപ്പിലാക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അറ്റൻഡർ ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തണം.

ശ്രീ. തോമസ് ഉണ്ണിയാടൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനനന്മ ലക്ഷ്യമിട്ടുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്തിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്താകെ പടർന്നുപിടിച്ച പനി നിയന്ത്രണവിധേയമാക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്രൈസിസ് മാനേജ്മെന്റിന് രൂപം നൽകിയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ചും മൊബൈൽ ക്ലിനിക്കുകൾ ആരംഭിച്ചും പനി വാർഡുകൾ തുറന്നുപ്രവർത്തിച്ചും ആവശ്യമായ തുക അനുവദിച്ചും കാസർഗോഡ് പോലുള്ള ജില്ലകളിൽ സേവനമനുഷ്ഠിക്കാൻ സന്നദ്ധരായ ഡോക്ടർമാർക്ക് 20,000 രൂപ അധികം നൽകിയും യുദ്ധകാലാടിസ്ഥാനത്തിൽ ഗവണ്മെന്റ് നടത്തിയ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കാരുണ്യ ഫാർമസി ആരംഭിച്ചതും കാരുണ്യ ബെനവലന്റ് ഫണ്ടിനായി തുക മാറ്റിവച്ചതും സ്വാഗതാർഹമാണ്. മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി നടപടി സ്വീകരിച്ചതും ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിച്ചതും സ്വാശ്രയ മെഡിക്കൽ കോളേജ് പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തിയതും എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആനുകൂല്യം

കൊടുത്തതും അംഗവൈകല്യമുള്ളവർക്ക് സഹായം അനുവദിച്ചതും കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പിലാക്കിയതും സർക്കാരിന് ജനങ്ങ ളോടുള്ള പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. സമഗ്ര മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിന് രൂപം നൽകണം. ആശുപത്രികളുടെ ഗുണനി ലവാരം ഉയർത്തുകയും ഡയാലിസിസ് സൗകര്യം ജില്ലാ ആശുപത്രികളിൽ ഏർപ്പെടുത്തുകയും കേന്ദ്ര ആരോഗ്യ നയത്തിന്റെ ചുവടുപിടിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും വേണ്ടത്ര ചികിത്സാ സൗകര്യങ്ങൾ ലഭ്യമാ ക്കുകയും ചെയ്യണം.

ശ്രീ. പാലോട് രവി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആശുപ ത്രികളിൽ രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയാത്ത അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. മാലിന്യനിർമ്മാർജ്ജനത്തിന് പ്രാധാന്യം നൽകണം. രോഗപ്രതിരോധത്തിന് സ്ഥിരസംവിധാനം ഏർപ്പെടുത്തണം. ആരോഗ്യനയം നടപ്പിലാക്കുന്നതിനും ആരോഗ്യമേഖലയ്ക്കുള്ള ബഡ്ജറ്റ് വിഹിതം രണ്ടിരട്ടിയാക്കി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ചികിത്സയും പ്രതിരോധവും പാലിയേറ്റീവ് കെയറും ചേർന്നുള്ള ഇന്റഗ്രേ റ്റഡ് പ്ലാനിന് രൂപം നൽകണം. രോഗപ്രതിരോധ ചികിത്സാ രംഗത്തെ വിക സനത്തിനായി വിവിധ ഏജൻസികൾ നൽകിവരുന്ന ഫണ്ടുകൾ ഏകോപി പ്പിക്കണം. വിവിധ ചികിൽസാ രീതികളെ കൂട്ടിയിണക്കിക്കൊണ്ടുള്ള മോഡൽ പി.എച്ച്.സി.-കൾ ആരംഭിക്കണം. ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടു മെന്റിനെ ശക്തിപ്പെടുത്തണം. നാച്ചുറോപ്പതിക്ക് പ്രത്യേക വകുപ്പ് രൂപീകരി ക്കാൻ നടപടി സ്വീകരിക്കണം. നോളജ് സിറ്റി തുടങ്ങാനുള്ള തീരുമാനം ശ്ലാഘനീയമാണ്. കേരളത്തെ ആയുർവ്വേദത്തിന്റെ ലോകതലസ്ഥാനമാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കണം. നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ

ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും അണ്ടൂർക്കോണം സർക്കാർ ആശുപത്രിയിൽ കിടത്തിച്ചികിത്സ പുനരാരംഭിക്കാനും പോത്തൻകോട് കിടത്തിച്ചികിത്സയ്ക്കായി പണികഴിപ്പിച്ച കെട്ടിടം പ്രവർത്തന സജ്ജമാക്കാനും നടപടി സ്വീകരിക്കണം. ആർ.സി.സി., ശ്രീചിത്ര മെഡിക്കൽ സെന്റർ, മെഡിക്കൽ കോളേജ് എന്നീ ആശുപത്രികൾക്ക് പ്രത്യേക പദവി നൽകി സംരക്ഷിക്കണം. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കി നഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കണം.

ശ്രീ. പി.ബി. അബ്ദുൾ റസാക് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. സർക്കാർ കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാനും എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം നൽകാനും അവർക്ക് തുടർ ചികിൽസ ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചു. കൂടാതെ കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പ്രോൽസാഹനമായി 20000/- രൂപ അധികമായി നൽകാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. മഞ്ചേശ്വരം പി.എച്ച്.സി.-യിലും സി.എച്ച്.സി.-യിലും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തരമായി നികത്താനും സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി മഞ്ചേശ്വരത്ത് അനുവദിക്കാനും കാസർഗോഡ് കൂടുതൽ ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കാനും നടപടി സ്വീകരിക്കണം. മഞ്ചേശ്വരത്തെ യുനാനി ആശുപത്രിക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീമതി ഗീതാ ഗോപി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിൽ സർക്കാരിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയാണ് ഉണ്ടായിരിക്കുന്നത്. സംസ്ഥാനത്തുനിന്ന് എന്നെന്നേയ്ക്കു

മായി നിർമ്മാർജ്ജനം ചെയ്യപ്പെട്ട മലേറിയയും ക്ഷയരോഗവും തിരിച്ചുവരുന്നതായാണ് സർവ്വേ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. പരിസര മലിനീകരണം, കുടിവെള്ളക്ഷാമം, ശരിയായ രോഗനിർണ്ണയത്തിനുള്ള കാലതാമസം, ഫലപ്രദമായ ചികിത്സയുടെ അഭാവം തുടങ്ങിയവമൂലം പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയാണ്. സ്രവം പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ ആശുപത്രികളിൽ അപര്യാപ്തമാണ്. ആലപ്പുഴ ജില്ലയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ അപാകതകൾ പരിഹരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാപേർക്കും ഇതിന്റെ ആനുകൂല്യം ലഭ്യമാക്കണം. കാരുണ്യ ഫാർമസി പദ്ധതി എല്ലാ സർക്കാർ ആശുപത്രികളിലും ആരംഭിക്കണം. ഒരേ തരത്തിലുള്ള മരുന്നുകൾക്ക് വ്യത്യസ്ത വില ഈടാക്കി ഔഷധ കമ്പനികൾ രോഗികളെ കൊള്ളയടിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജീവൻരക്ഷാ മരുന്നുകളടക്കം വിവിധയിനം മരുന്നുകൾ ഗുണനിലവാരം കുറഞ്ഞതും കാലഹരണപ്പെട്ടതുമാണ്. ആയുർവ്വേദ ചികിത്സാരംഗത്ത് നഴ്സുമാരുടെ കുറവ് നികത്തണം. സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർക്ക് മിനിമം വേതനവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഒഴിവുള്ള തസ്തികകൾ നികത്തണം.

ശ്രീ. വി.ഡി. സതീശൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും രോഗപ്രതിരോധത്തിന് ശാശ്വത പരിഹാരം കാണാൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. താൽക്കാലികമായ ക്രമീകരണങ്ങൾകൊണ്ട് പകർച്ചവ്യാധികളെ നിയന്ത്രിക്കാനും പ്രതിസന്ധി

മറികടക്കാനും കഴിയില്ല. പ്രതിരോധ പ്രവർത്തനങ്ങളും ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനവും കാര്യക്ഷമമാക്കി ഹെപ്പറ്റൈറ്റിസ് പോലുള്ള പകർച്ചവ്യാധികളെ നിയന്ത്രിക്കാൻ കഴിയണം. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്വകാര്യ കമ്പനികൾ മരുന്നുകളുടെ വില അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നത് തടയണം. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നേരിട്ട് കമ്പനികളിൽനിന്നും മരുന്ന് വാങ്ങി വിലകുറച്ച് റീട്ടെയിൽ ഔട്ട്‌ലെറ്റുകളിലൂടെ വിതരണം ചെയ്യണം. മരുന്ന് വിപണിയിൽ സർക്കാർ ഇടപെടൽ ഉണ്ടാകണം. ഓൾ കേരള കെമിസ്റ്റ്സ് ആന്റ് ഡ്രഗ്ഗിസ്റ്റ് സംഘടനയെയും സ്വകാര്യ ആശുപത്രികളെയും നിയന്ത്രിക്കുകയും ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്തുകയും വേണം. ആയുർവേദ-ഹോമിയോ-യുനാനി ചികിത്സാരീതികൾ കോർത്തിണക്കിക്കൊണ്ടുള്ള ഹോളിസ്റ്റിക് സംവിധാനം ആരംഭിക്കണം. മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമവും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമവും അടിയന്തരമായി പാസ്സാക്കുകയും ഹെൽത്ത് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും വേണം.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആരോഗ്യ പരിപാലന രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് മാരക രോഗങ്ങളും ജീവിതശൈലീ രോഗങ്ങളും വർദ്ധിച്ചുവരികയാണ്. പബ്ലിക് ഹെൽത്ത് ഇന്റർവെൻഷൻ ഫലപ്രദമായി നടപ്പിലാക്കണം. സാങ്കേതികവിദ്യയും വിദഗ്ദ്ധോപദേശങ്ങളും സ്വീകരിച്ച് വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കണം. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് വൃത്തിയുള്ള ടോയ്‌ലെറ്റുകൾ സ്ഥാപിക്കണം. അൾഷിമേഴ്സ് രോഗികളെ പരിചരിക്കാനുള്ള സംവിധാനങ്ങൾ

ഏർപ്പെടുത്തണം. സർക്കാർ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് ചികിത്സാസൗകര്യങ്ങൾ ഉറപ്പുവരുത്തണം. സ്വകാര്യ ആശുപത്രി കളുടെമേൽ നിയന്ത്രണം കൊണ്ടുവരണം. ആരോഗ്യരംഗത്ത് എൽ.ഡി.എ ഫ്. സർക്കാർ സ്വീകരിച്ചുവന്ന വികസനപ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. ബഹുരാഷ്ട്ര കുത്തക മരുന്നുകമ്പനികളോട് അനുകൂലമായ നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാരിന് മരുന്നുവിലനിയ ന്ത്രണത്തിൽ ഇടപെടാൻ കഴിയണം. ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ വ്യവ സായം ഇന്ന് തകർച്ചയെ നോരിടുകയാണ്. കെ.എസ്.ഡി.പി.- യുടെ കൂടു തൽ യൂണിറ്റുകൾ ആരംഭിക്കണം. കേരളത്തിന് ആവശ്യമുള്ള മരുന്നുകൾ ജനറിക് നാമധേയത്തിൽ ഉൽപ്പാദിപ്പിക്കാനും ഡ്രഗ്ഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാനും ഒരു ജനകീയ ഔഷധനയം രൂപീകരിക്കാനും നടപടിയു ണ്ടാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സംസ്ഥാനത്ത് പ്രത്യേക സീസണുകളിൽ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന സ്ഥിതിയാണുള്ളത്. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കാൻ എല്ലാവരുടേയും പിന്തുണയും സഹകരണവും അഭ്യർത്ഥി ക്കുകയാണ്. മാലിന്യസംസ്ക്കരണത്തിന് എത്ര തുക ചെലവഴിക്കാനും സർക്കാർ സന്നദ്ധമാണ്. കേരളത്തിൽ പടർന്നുപിടിച്ചിരിക്കുന്ന പനി നിയന്ത്രിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാ ണ്. ജില്ലകളിലെ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെ 1902 ജീവന

ക്കാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പനി കൂടുതലായി കണ്ടുവരുന്ന പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുകയും ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതവും പനി കൂടുതലുള്ള ജില്ലകളിൽ 7 ലക്ഷം രൂപ വീതവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ ചുമതലയിൽ ക്രൈസിസ് മാനേജ്മെന്റ് ടീമിനെ നിയോഗിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ പനി വാർഡുകൾ സജ്ജമാക്കുകയും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് 9 കോടി രൂപയും ആരോഗ്യ വകുപ്പിന് അടിയന്തരാവശ്യങ്ങൾക്ക് അഞ്ചേമുക്കാൽ കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് പോലുള്ള ജില്ലകളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ അവിടെ ജോലി ചെയ്യുന്നവർക്ക് 20,000 രൂപ അഡീഷണലായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. താലൂക്ക്-ജില്ലാ ആശുപത്രികളിൽ 24 മണിക്കൂറും പ്രവർത്തിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ രംഗത്ത് നിലവിലുള്ള വർക്കിംഗ് അറേഞ്ച്മെന്റ് നിയമനങ്ങൾ ക്യാൻസൽ ചെയ്യുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 403 ഡോക്ടർമാരെ പുതുതായി നിയമിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ സമഗ്ര ആരോഗ്യപദ്ധതി എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചു. 108 ആംബുലൻസ് സംവിധാനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതാണ്. ക്ഷയരോഗ രക്തപരിശോധനയ്ക്കായി സ്റ്റേറ്റ് ടി.ബി. സെല്ലിന്റെ ലാബുകളിൽ Line Prob

assay സംവിധാനം ഏർപ്പെടുത്തുകയും സി.എച്ച്.സി, താലൂക്ക്-ജില്ലാ ആശുപത്രികളിലെ ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 11 കോടി രൂപ അനുവദിക്കുകയും ചെയ്തു. സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തുന്നവർക്ക് നവംബർ 1-ാം തീയതി മുതൽ ജനറിക് മെഡിസിനുകൾ സൗജന്യമായി വിതരണം ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ നവജാതശിശുക്കളുടെ രക്തസാമ്പിളുകൾ പരിശോധിച്ച് തൈറോയിഡും മെറ്റാബോളിക് ഡിസോർഡർമൂലമുള്ള അസുഖങ്ങളും കണ്ടുപിടിച്ച് ചികിത്സിക്കുന്നതിന് പദ്ധതി ആരംഭിക്കുന്നതാണ്. തൈക്കാട്, എസ്.എ.ടി, കൊല്ലം വിക്ടോറിയ, കണ്ണൂർ, മഞ്ചേരി, എറണാകുളം ജനറൽ ആശുപത്രികൾ, കോഴിക്കോട്, ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ, പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലാ ആശുപത്രികൾ, ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ Special New Born Care Unit ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മാതൃ-ശിശു മരണനിരക്കുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 2 പി.എച്ച്.സി, 2 സി.എച്ച്.സി., ഓരോ താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവയിൽ 'Kerala Accreditation Standard for Hospitals' പദ്ധതി നടപ്പിലാക്കുന്നതിന് 1 കോടി 77 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് 2 കോടി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത ഘട്ടമായി എല്ലാ താലൂക്ക് ആശുപത്രികളിലും ഈ യൂണിറ്റുകൾ

ആരംഭിക്കുന്നതാണ്. വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ എൻ.ആർ.എച്ച്.എം. വഴി ഭക്ഷണം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. എൻഡോസൾഫാൻ ബാധിതരായ രോഗികൾക്ക് ക്യാഷ്‌ലെസ്സ് ട്രീറ്റുമെന്റും referral transport സംവിധാനവും നടപ്പിലാക്കുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളില്ലാത്ത ജില്ലകളിൽ പുതുതായി ആരംഭിക്കുന്നതിനും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയിൽ De-addiction Centre ആരംഭിച്ചിട്ടുണ്ട്. തിമിര ശസ്ത്രക്രിയക്ക് പാലക്കാട്, ആലത്തൂർ, കൂത്തുപറമ്പ് ജില്ലാ ആശുപത്രികളിൽ ഓപ്പറേഷൻ തിയറ്ററും പേരൂർക്കടയിൽ പത്ത് കിടക്കകളുള്ള ഓപ്പറേഷൻ വാർഡും പണിയുന്നതാണ്. പ്രമേഹം, രക്തസമർദ്ദം, ക്യാൻസർ, ഹൃദ്രോഗം എന്നിവ മുൻകൂട്ടി കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. 1000 പി.എച്ച്.സി.കളിലും 5000 സബ്സെന്ററുകളിലും ആഴ്ചയിലൊരുദിവസം ജീവിതശൈലി രോഗ നിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കുന്നതാണ്. കേന്ദ്രസഹായത്തോടെ പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലാ ആശുപത്രികളിൽ കാർഡിയോ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ Cardiothoracic Surgery സേവനവും, കോട്ടയം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ Linear Aceletor planning സംവിധാനവും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ SAT ആശുപത്രിയിൽ IVF - Inverto Fertilization (like test tube baby) Assistant reproductive Unit July-ൽ കമ്മിഷൻ ചെയ്യുകയും മെഡിക്കൽ

കോളേജിൽ ഈ വർഷം Coclear Implantation Surgery ആരംഭിക്കുകയും ചെയ്യുന്നതാണ്. ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലുകളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒരു അക്കാഡമിക് ബ്ലോക്കും ശുദ്ധജലവിതരണ പദ്ധതിയും കോട്ടയം മെഡിക്കൽ കോളേജിൽ കാഷ്വാലിറ്റി ബ്ലോക്കും ഫാർമസി കോളേജും ആലപ്പുഴ മെഡിക്കൽ കോളേജിൽ ലെക്ച്ചർ തിയേറ്ററും ആരംഭിക്കുന്നകിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. കാസർഗോഡ്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട, പാലക്കാട്, ഹരിപ്പാട് എന്നിവിടങ്ങളിൽ ആറ് മെഡിക്കൽ കോളേജുകൾ തുടങ്ങാൻ അനുമതി. നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ ആദിവാസികൾക്കിടയിലുള്ള "Sickle cell Anemia" രോഗത്തെക്കുറിച്ച് ഗവേഷണം നടത്തുന്നതിനും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും ഒരു മെഡിക്കൽ ഗവേഷണ സ്ഥാപനം ആരംഭിക്കുന്ന താണ്. അഞ്ച് മെഡിക്കൽ കോളേജുകളിൽ Emergency Critical Care Department, Multi disciplinary ICU എന്നിവ സ്ഥാപിക്കുന്നതാണ്. ആയുർവ്വേദ വകുപ്പിന്റെ 23 ഡിസ്പെൻസറികളിലായി 92 പോസ്റ്റുകൾ അനുവദിച്ചിട്ടുണ്ട്. 25 പുതിയ ആയൂർവ്വേദ ഡിസ്പെൻസറികളും ആലപ്പുഴയിൽ ഒരു പഞ്ചകർമ്മ ആശുപത്രിയും ആരംഭിക്കുന്നതാണ്. വയനാട്, കൊല്ലം, കോട്ടയം, തൃശ്ശൂർ ജില്ലകൾക്കായി സ്പോർട്ട്സ് ആയുർവ്വേദ യൂണിറ്റുകളും മൂന്ന് ഗവൺമെന്റ് ആയുർവ്വേദ കോളേജുകളിലും രണ്ട് എയ്ഡഡ് കോളേജുകളിലും ഫാർമസിസ്റ്റ്, തെറാപ്പിസ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സുകളും കണ്ണൂർ ആയൂർവ്വേദ

കോളേജിൽ ജെറിയാട്രിക് കെയർ യൂണിറ്റുകളും ആരംഭിക്കുന്നതാണ്. ഈ വർഷം പാരമ്പര്യ വിജ്ഞാന സംരക്ഷണ വർഷമായി ആചരിക്കുന്നതാണ്. കണ്ണൂർ, തൃപ്പൂണിത്തുറ കോളേജുകളിൽ 50 ലക്ഷം രൂപയുടെ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതാണ്. മുപ്പത് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുകയും പതിനഞ്ച് ആർ.എം.ഒ. പോസ്റ്റുകൾ അനുവദിക്കുകയും ചെയ്തു. 29 പുതിയ ഹോമിയോപ്പതി ഹെൽത്ത് കെയർ സെന്ററുകളും 11 ജില്ലാ ആശുപത്രികളിൽ സീതാലയം സെന്ററുകളും ആരംഭിച്ചു. അൻപത് ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 342 ലക്ഷം രൂപ മാറ്റിവയ്ക്കുന്നതാണ്. ആലപ്പുഴയിലെ കൈനകരി പഞ്ചായത്തിൽ ഒരു റീജിയണൽ കമ്മ്യൂണിക്കബിൾ ഡിസീസ് പ്രിവൻഷൻ പ്രോഗ്രാം ഉടൻ ആരംഭിക്കുന്നതാണ്. ഐരാണിമുട്ടം ഹോമി യോകോളേജിൽ ഡിപ്ലോമ ഇൻ–ഫാർമസി കോഴ്സും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ പണിയും ആരംഭിക്കുന്നതാണ്. തിരുവനന്തപുരം ആർ.സി.സി.യിൽ ഡിജിറ്റൽ മാമോഗ്രാം & ബയോപ്സി യൂണിറ്റ് ആരംഭിക്കുകയും പി.എ.സി.എസ്. (പിക്ചർ ആർക്കീവ്ഡ് കമ്മ്യൂണിക്കേഷൻ സിസ്റ്റം) പ്രവർത്തനക്ഷമമാക്കുകയും ലിംബ് സാൽവേജ് സർജറിക്കുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. എം.ഡി. ഇൻ–റേഡിയോ തെറാപ്പി, എം.ഡി. ഇൻ റേഡിയോ ഡയഗ്നോസിസ് എന്നീ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂക്ലിയർ മെഡിസിൻ സ്ഥാപിക്കുകയും തൈറോയ്ഡ് ചികിത്സയ്ക്ക് ആവശ്യമായ തുക വിനിയോഗിക്കുകയും ചെയ്യുന്നതാണ്. ഈ സ്ഥാപനത്തെ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റുന്നതിനുള്ള ശ്രമങ്ങളുമായിട്ടാണ് സർക്കാർ

മുന്നോട്ടുപോകുന്നത്. മലബാർ ക്യാൻസർ സെന്ററിൽ 650 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വാങ്ങാൻ പർച്ചേസ് ഓർഡർ നൽകുകയും ലീനീയർ ആക്സിലേറ്റർ സ്ഥാപിക്കുകയും മെഡിക്കൽ ലൈബ്രറി സ്ഥാപിക്കാൻ 50 ലക്ഷം രൂപയ്ക്കുള്ള പുസ്തകങ്ങൾക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. എം.ആർ.ഐ. സ്കാൻ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു പീഡിയാട്രിക് ഓങ്കോളജി വിഭാഗം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് എൻ.ആർ.എച്ച്.എം.ന് സമർപ്പിച്ചിക്കുകയും ഇതിനായി 870 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ലാബുകൾ വിപുലീകരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണ്. മലബാർ ക്യാൻസർ സെന്റർ ഒരു അക്കാഡമിക് സ്ഥാപനമാക്കി മാറ്റുന്നതിന്റെ ഭാഗമായി റേഡിയേഷൻ, ലബോറട്ടറി, റേഡിയോബയോളജി വിഭാഗങ്ങൾ സ്ഥാപിക്കുന്നതിന് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും സമഗ്ര ന്യൂക്ലിയർ മെഡിസിൻ വിഭാഗം സ്ഥാപിക്കുന്നതിന്റെ ഒന്നാംഘട്ടമായി ഒരു ലക്ഷം രൂപ അനുവദിക്കുന്നതാണ്. ജീവൻരക്ഷാ മരുന്നുകൾ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. മരുന്നുകളുടെ വിലക്കയറ്റത്തെക്കുറിച്ച് പി.പി.എ.-യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശ വർക്കർമാർക്ക് ഓണറേറിയം നൽകുന്നതിന് എൻ.ആർ.എച്ച്.എം. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.എ.ടി. ആശുപത്രിയിൽ ആകെ മരിച്ചത് 385 കുട്ടികളാണെങ്കിലും അണുബാധമൂലം 14 കുട്ടികളാണ് മരണപ്പെട്ടതെന്നാണ് ആരോഗ്യവ

കുപ്പ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ കൃത്യവിലോപം ഉണ്ടായിട്ടുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളില്ലാത്ത 24 സ്ഥലങ്ങളിൽ അവ തുടങ്ങുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇരുന്നൂറ്റി അൻപതോളം സ്റ്റാഫ് നഴ്സുമാരെ മെഡിക്കൽ കോളേജുകളിൽ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പൂർണ്ണ റഫറൽ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി താലൂക്ക് ആശുപത്രികളുടേയും പി.എച്ച്.സി.കളുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും 58 നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 3.48-ന് പിരിഞ്ഞു.)

**********